# ഭാഗം 9 ധനശാസ്ത്രം

**ഉള്ളടക്കം**


9.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
9.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 ധനശാസ്ത്രത്തിൻെറ ഉദ്ഭവം
9.2 പാഠസംഗ്രഹം
9.3 പുരോഗതി സ്വയം പരിശോധിക്കുക-1
9.4 വിഷയാവതരണവും പാഠഭാഗവും—
പാഠം-2 ധനശാസ്ത്രവും മററു മാനവിക ശാസ്ത്രങ്ങളും
9.5 പാഠസംഗ്രഹം
9.6 പുരോഗതി സ്വയം പരിശോധിക്കുക-2
9.7 വിഷയാവതരണവും പാഠഭാഗവും-
പാഠം-3 സാമ്പത്തികവ്യവസ്ഥിതികൾ
9.8 പാഠസംഗ്രഹം.
9.9 കുറിപ്പുകൾ.
9.10 പുരോഗതി സ്വയം പരിശോധിക്കുക-3
9.11 പുരോഗതി സ്വയം പരിശോധിക്കുക-ഉത്തരം


## 9.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മനുഷ്യൻെറ കുടുംബജീവിതത്തോടും സാമൂഹ്യജീവിതത്തോടും ബന്ധപ്പെട്ട വിഷയമാണ് ധനശാസ്ത്രം. ഉൽപാദനം, വിതരണം, ധനവിനിമയം എന്നിവയാണ് സാമ്പത്തികകാര്യങ്ങൾ. കൃഷിയും വ്യവസായവും രാജ്യത്തിൻെറ സമ്പൽഘടനയ്ക്ക് ആധാരഭൂതമായ ഘടകങ്ങളാണ്. ഉൽപ്പന്നങ്ങളുടെ കമ്പോളത്തേയും, ദേശീയ സമ്പത്തിനേയും നിയന്ത്രിക്കുന്ന വീക്ഷണവിശേഷമാണ് ധനശാസ്ത്രത്തിന് ശാസ്ത്രീയമായ പരിവേഷം ചാർത്തുന്നത്. സ്വകാര്യസ്വത്തെന്നും പൊതുസ്വത്തെന്നും സ്വത്തിനെ സാമാന്യമായി വിഭജിക്കാറുണ്ട്. സ്വകാര്യസ്വത്തിനേയും പൊതുസ്വത്തിനേയും കുറിച്ചുള്ള രാഷ്ട്രീയമായ കാഴ്ചപ്പാടിൻെറ അടിസ്ഥാനത്തിൽ ഒരു രാഷ്ട്രത്തിൻെറ ധനശാസ്ത്രതത്വങ്ങൾ രൂപപ്പെടുന്നു. ഒരു രാജ്യത്തിലുണ്ടാകുന്ന ഉൽപ്പന്നങ്ങളുടെ സ്വതന്ത്രവും നിയന്ത്രിതവുമായ വിതരണവുമായി ബന്ധപ്പെട്ടിരിക്കുന്നു ധനവിനിമയക്രമങ്ങൾ. ഉൽപ്പന്നങ്ങൾക്ക് പകരം ഉൽപന്നം കൊടുത്ത് സ്വന്തമായി ആവശ്യമുള്ള വസ്തു കൈവശപ്പെടുത്തിയിരുന്ന കാലംതൊട്ട് രാഷ്ട്രം നിയന്ത്രിക്കുന്ന നാണയത്തിലൂടെയോ, ചെക്കിലൂടെയോ ക്രയവിക്രയങ്ങൾ നടത്തിവരുന്ന കാലഘട്ടംവരെ ധനത്തിൻെറ വിനിമയത്തിന് തികച്ചും ശാസ്ത്രീയമായ ഒരു വശം ഉണ്ടായിരുന്നു. മനുഷ്യൻെറ പെരുമാററത്തെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് ധനശാസ്ത്രമെന്ന് സാമാന്യമായി പറയാവുന്നതാണ്. മനുഷ്യൻെറ വ്യക്തിജീവിതവും സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട ഈ വിഷയത്തെ പ്രതിപാദിക്കുമ്പോൾ ഭാഷയിൽ പ്രകടമാകുന്ന ശൈലീഭേദം വിദ്യാർത്ഥികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ് ഈ വിഭാഗത്തിൽ ധനശാസ്ത്രവിഷയകമായ പാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

## 9.1 വിഷയാവതരണം

ചാണക്യനെക്കുറിച്ചും മാക്‌വെല്ലിയെക്കുറിച്ചും നിങ്ങൾ കേട്ടിരിക്കുമല്ലോ. ലോകപ്രശസ്തരായ സാമ്പത്തിക ശാസ്ത്രജ്ഞൻമാരാണവർ. ഏഷ്യയ്ക്കും യൂറോപ്പിനും തനതായ മതവും വിശ്വാസപ്രമാണങ്ങളും ഉള്ളതുപോലെ, ദൈനംദിന ജീവിതത്തെ നിയന്ത്രിക്കുന്ന ധനശാസ്ത്രവും അവയ്ക്ക് വ്യത്യസ്തമാണ്. ജനജീവിതത്തിൽ നാം നേരിടുന്ന ഏതു പ്രശ്നത്തിനും സാമ്പത്തികമായ ഒരു വശമുണ്ടായിരിക്കും. വാണിജ്യത്തിനുണ്ടായ വികാസവും മൂലധനത്തിനുണ്ടായ വളർച്ചയും ആണ് സാമ്പത്തിക ശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് ഹേതുവായി ഭവിച്ചത്. സ്വർണ്ണവും വെള്ളിയും മാത്രമാണ് ധനമെന്ന കാഴ്ചപ്പാട് ഒരു കാലത്തുണ്ടായിരുന്നു. അതിന് മാററം വന്നു. കൃഷിയെ ഏററവും വലിയ ധനമായി അംഗീകരിച്ചു. ഏത് ഉൽപ്പാദനവും ആധുനിക ലോകത്ത് ധനമാണ്. ആ ധനമാണ് രാജ്യത്തിന്റെ വളർച്ചയ്ക്ക് നിദാനം. വളർച്ചയെ ശാസ്ത്രീയമായി സംവിധാനം ചെയ്യണമെങ്കിൽ ധനശാസ്ത്രപരമായ കാഴ്ചപ്പാടുണ്ടായിരിക്കണം. മനുഷ്യരുടെ ആവശ്യങ്ങളേയും അവ തേടുന്ന ക്രിയകളേയും സംബന്ധിക്കുന്ന പഠനമെന്ന നിലയിൽ ധനശാസ്ത്രം ഇന്ന് പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ധനശാസ്ത്രത്തിന്റെ ഉൽഭവത്തേയും വളർച്ചയേയും കുറിച്ച് നമുക്ക് സാമാന്യമായി മനസ്സിലാക്കാം. ആററിങ്ങൽ രാമചന്ദ്രൻ എഴുതിയ 'മാനവിക ശാസ്ത്രങ്ങൾ' എന്ന പുസ്തകത്തിൽ നിന്നാണ് ഈ ഭാഗങ്ങൾ എടുത്തിട്ടുള്ളത്.

### പാഠം-1 ധനശാസ്ത്രത്തിന്റെ ഉദ്ഭവം

കുടുംബഭരണം എന്നർത്ഥമുള്ള 'ഓക്കിനോമിക' എന്ന ഗ്രീക്ക് പദത്തിൽനിന്നാണ് ധനശാസ്ത്രത്തിന്റെ ഇംഗ്ലീഷ് പര്യായമായ 'ഇക്കണോമിക്സ്' ആവിർഭവിച്ചത്. കുടുംബാംഗങ്ങളുടെ വരുമാനം വിവിധാവശ്യങ്ങൾക്കായി അടുക്കോടും ചിട്ടയോടും ചെലവഴിക്കുന്നതെങ്ങനെയെന്ന് വിശദമാക്കുന്ന ശാസ്ത്രമാണ് ഇക്കണോമിക്സ് എന്ന് അന്ന് കരുതിയിരുന്നു. എന്നാൽ, പിൽക്കാലത്ത് കുടുംബത്തിന്റെ എന്നതിലുപരി സമൂഹത്തിന്റെയും രാജ്യത്തിന്റെ പൊതുവെയും വരവു ചിലവു കണക്കുകൾ കൈകാര്യം ചെയ്യുന്ന വിഭാഗമായി ഈ ശാസ്ത്രം മാറി. പിൽക്കാലത്ത് ജനജീവിതത്തിൽ നേരിടേണ്ടിവരുന്ന ഏതൊരു പ്രശ്നത്തേയും ധനശാസ്ത്രത്തിന്റെ ദൃഷ്ടിയിലൂടെ നോക്കിക്കാണേണ്ടതായി വന്നുകൂടി.

'ഇക്കണോമിക്സ്' എന്ന പദത്തിന് രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്ന ശാസ്ത്രം എന്ന് അർത്ഥം കൊടുക്കാൻ പാടില്ലെന്നും അത് കുടുംബകാര്യങ്ങളെപ്പററി പറയാൻവേണ്ടി മാത്രം ഉപയോഗിക്കാവുന്ന ഒരു വാക്കാണെന്നും ഫ്രഞ്ചുചിന്തകനായ ടെയ്ൻ തന്റെ പുസ്തകത്തിലൂടെ വാദിച്ചു. രാജ്യത്തിന്റെ സാമ്പത്തിക പ്രശ്നങ്ങളെ പ്രതിപാദിക്കാൻ കൊള്ളാവുന്ന ഒരു പാതിയ വാക്ക് അദ്ദേഹം നിർദേശിച്ചു. അതായിരുന്നു 'പൊളിററിക്കൽ ഇക്കണോമി' (രാഷ്ട്ര ധനശാസ്ത്രം). പതിനെട്ടാം നൂററാണ്ടിന്റെ രണ്ടാം പകുതിയായപ്പോഴേക്കും ലോകത്തിലെ പ്രധാന സാമ്പത്തികശാസ്ത്ര ചിന്തകന്മാരെല്ലാംതന്നെ 'പൊളിററിക്കൽ ഇക്കണോമി' എന്ന പേര് അംഗീകരിച്ചു. ധനശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന ആഡംസ്മിത്ത് തന്റെ പുസ്തകത്തിൽ 'പൊളിററിക്കൽ ഇക്കണോമി' എന്ന പദം തന്നെയാണ് ഉപയോഗിച്ചിരുന്നത്. വാണിജ്യത്തിനുണ്ടായ വികാസവും മൂലധനത്തിനുണ്ടായ വളർച്ചയും, ഇത് ഒരു പ്രത്യേക പഠനശാഖയായി വളരുവാൻ കാരണമായി.

'പൊളിററിക്കൽ ഇക്കണോമി' പന്ന പദം പഠനവിഷയത്തിന്റെ വ്യാപ്തിയെ വളരെ ചുരുക്കുന്നതാണെന്നും അതിനാൽ 'ഇക്കണോമിക്സ്' എന്ന പദംതന്നെ മതിയെന്നുമുള്ള വാദഗതി പതിനെട്ടാം നൂററാണ്ടിന്റെ അന്ത്യത്തിലും പത്തൊമ്പതാം നൂററാണ്ടിലുമാണ് ഉയർന്നുവന്നത്. മാർഷലിന്റെ ഗ്രന്ഥത്തിന് 'പ്രിൻസിപ്പിൾസ് ഓഫ് ഇക്കണോമിക്സ്' (ധനശാസ്ത്രതത്വങ്ങൾ) എന്ന പേര് 1890-ൽ നൽകിയതോടെ'ഇക്കണോമിക്സ്' എന്ന പദം വീണ്ടും അംഗീകാരം നേടി.

പതിനാറ്-പതിനേഴ് നൂററാണ്ടുകളിലെ ധനശാസ്ത്രജ്ഞന്മാർ സ്വർണത്തിനും വെള്ളിക്കും മാത്രമാണ് ധനമെന്ന നിലയിൽ അംഗീകാരം നൽകിയിരുന്നത്. ഒരു രാജ്യത്തിന്റെ പുരോഗതി, അത് കൈവശം വയ്ക്കുന്ന സ്വർണ്ണത്തിന്റെയും വെള്ളിയുടെയും അളവുകൊണ്ടാണ് നിർണയിക്കേണ്ടത് എന്നും അവർ പറഞ്ഞു. പതിനെട്ടാം നൂററാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന ചില ചിന്തകന്മാർ കൃഷിയാണ ഏററവും വലിയ ധനമെന്ന് പ്രസ്താവിച്ചു. വ്യാവസായിക ഉൽപാദകരേയും വാണിജ്യത്തെയും മാനിച്ചിരുന്ന പഴയ ധനശാസ്ത്രക്കാരുടെ രീതിയെ ഇവർ പരസ്യമായി എതിർത്തു. ഈ രണ്ട് വിഭാഗക്കാരുടേയും അഭിപ്രായങ്ങളിലെ പിശകുകൾ തീർത്ത് ഈ വിഷയത്തെ അടുക്കും ചിട്ടയുമുള്ള ഒന്നാക്കി മാററിയത്

ബ്രിട്ടിഷ് ചിന്തകനായ ആഡം സ്മിത്താണ്. എ. ഡി. 1776-ൽ അദ്ദേഹം 'വെൽത്ത് ഓഫ് നേഷൻസ്' (രാഷ്ട്രങ്ങളുടെ സമ്പത്ത്) എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. ധനശാസ്ത്രത്തിന്റെ പിതാവ് എന്ന സ്ഥാനം അദ്ദേഹത്തിന് ഈ ഗ്രന്ഥം നേടിക്കൊടുത്തു. പത്തൊമ്പതാം നൂററാണ്ടിൽ ആഡം സ്മിത്തിന്റെ പിൻതുടർച്ചക്കാരായി അനവധി ധനശാസ്ത്രജ്ഞൻമാരുണ്ടായി. മാൽത്തൂസ്, റിക്കാർഡോ, റിൽ, മാർക്സ്, കെയ്ൻസ് എന്നിവരുടെ പേരുകൾ എടുത്തു പറയേണ്ടവയാണ്.

മനുഷ്യരുടെ ആവശ്യങ്ങളെയും അവ നേടുന്ന ക്രിയകളേയും സംബന്ധിക്കുന്ന ശാസ്ത്രീയമായ പഠനമാണ് ധനശാസ്ത്രം എന്ന് പറയാം. അതായത്, അദ്ധ്വാനത്തെക്കുറിച്ചുള്ള പഠനം. ജനിക്കുന്ന അവസരം മുതൽ മരണംവരെ മനുഷ്യന് നിരവധി ആവശ്യങ്ങളുണ്ട്. ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയാണ് മൗലികാവശ്യങ്ങൾ. ഈ ആവശ്യങ്ങൾ നേടുന്നതിനുള്ള സമരമാണ് ജീവിതം. ഇതിനു പുറമെ ചെറുതും വലുതുമായ നൂറുനൂറാവശ്യങ്ങൾ നമുക്ക് വന്നുചേരുന്നു. ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിന് സാധനങ്ങളും സേവനങ്ങളും അത്യന്താപേക്ഷിതമാണ്. പ്രകൃതിയിൽനിന്ന് മനുഷ്യനാവശ്യമുള്ള സാധനങ്ങൾ സമാഹരിച്ച് അനുയോജ്യമായ വിധത്തിൽ രൂപം നൽകി ആവശ്യക്കാരുള്ള സ്ഥലങ്ങളിൽ ആവശ്യമുള്ള സമയത്ത് എത്തിച്ചുകൊടുക്കുന്നതിന് മനുഷ്യപ്രയത്നം വേണം. മനുഷ്യപ്രയത്നംകൊണ്ട് ഉൽപാദിപ്പിക്കുന്നവയും മനുഷ്യാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിവുള്ളവയുമായ ഭൗതിക പദാർത്ഥങ്ങളെയാണ് നാം 'ധനം' എന്ന് വിളിക്കുന്നത്. ഭക്ഷണപദാർത്ഥങ്ങൾ ലഭിക്കുന്നതിന് ഭൂമിയിൽ കൃഷി ചെയ്യണം. വസ്ത്രം ഉണ്ടാക്കുന്നതിന് പരുത്തിച്ചെടി വളർത്തുകയോ, കൃത്രിമ നൂലുകൾ ഉണ്ടാക്കുകയോ ചെയ്യണം. അവ നെയ്തെടുക്കണം. പല തരത്തിലുള്ള വസ്ത്രങ്ങൾ തുന്നി ഉണ്ടാക്കണം. അദ്ധ്വാനമില്ലാതെ സമ്പത്ത് ഉണ്ടാകുകയില്ല. ഒരു സാധനം ഉൽപ്പാദിപ്പിക്കുന്നതിന് ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നീ ഘടകങ്ങളുടെ സംയോജനം ആവശ്യമാണ്. ഈ ഉൽപ്പാദനഘടകങ്ങൾക്കെല്ലാം തന്നെ പരിമിതിയുണ്ട്. കൃഷിഭൂമിയിൽ ഭൂരിഭാഗവും നെൽകൃഷിയായി ഉപയോഗിക്കുകയാണെങ്കിൽ മററു കാർഷികോൽപ്പന്നങ്ങൾ കുറച്ചു മാത്രമേ ഉണ്ടാക്കുവാൻ കഴിയുകയുള്ളു. അപ്പോൾ എല്ലാ ആവശ്യങ്ങളും നിറവേററുവാൻ കഴിയാതെ വരുന്നു. മനുഷ്യപ്രയത്നത്തിന്റെ പ്രേരണ അവന്റെ ആവശ്യങ്ങളും ആ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുന്നതിനുള്ള ത്വരയുമാണ്. ആവശ്യവും അദ്ധ്വാനവും സംതൃപ്തിയുമാണ് ധനശാസ്ത്രത്തിന്റെ പ്രധാന ബിന്ദുക്കൾ.

നിർവചനങ്ങൾ: ചരിത്രത്തെയെന്നപോലെ ധനശാസ്ത്രത്തേയും നിർവചിക്കുകവളരെ പ്രയാസമാണ്.ആറു ധനശാസ്ത്രജ്ഞൻമാർ കൂടിയാൽ ഏഴ് അഭിപ്രായങ്ങൾ ഉരുത്തിരിയും എന്ന് കെയിൻസ് ഒരിക്കൽ പ്രസ്താവിച്ചു. ഏതു പ്രശ്നത്തിലും യുക്തിക്ക് നിരക്കുന്ന വിധത്തിൽ പരസ്പരവിരുദ്ധങ്ങളായ അഭിപ്രായങ്ങൾ പറയാൻ ധനശാസ്ത്രജ്ഞൻമാർക്ക് കഴിയും. സമ്പത്തിന്റെ അടിസ്ഥാനത്തിലും മനുഷ്യന്റെ ക്ഷേമത്തിന്റെ അടിസ്ഥാനത്തിലും ദൗർലഭ്യത്തിന്റെ അടിസ്ഥാനത്തിലും ധനശാസ്ത്രത്തെ നിർവചിച്ചിട്ടുണ്ട്.

സമ്പത്തുമായി ബന്ധമുള്ള താൽപര്യങ്ങളെയും പ്രവൃത്തികളെയും അപഗ്രഥിക്കുകയാണ് ധനശാസ്ത്രത്തിന്റെ കർത്തവ്യമെന്ന് ആഡം സ്മിത്തിന്റെ നിർവചനത്തിൽ പറയുന്നു. മനുഷ്യന്റെ എല്ലാ പ്രവർത്തനവും സമ്പത്തുല്പാദനവുമായി ബന്ധപ്പെട്ടവയാണെന്ന് പറയുന്നത് ശരിയല്ലെന്നും, ഭൗതികക്ഷേമത്തോളം തന്നെ പ്രാധാന്യമുള്ളതാണ് ആത്മീയസംതൃപ്തിയെന്നും, അതിനാൽ ആഡം സ്മിത്തിന്റെ നിർവചനം ശരിയല്ലെന്നും റസ്കിൻ, കാർലൈൽ തുടങ്ങിയ ശാസ്ത്രജ്ഞൻമാർ വാദിച്ചു.

സമ്പത്ത് ഉൽപ്പാദിക്കുന്നതും ഉപഭോഗിക്കുന്നതും മനുഷ്യന്റെ ക്ഷേമത്തിനു വേണ്ടിയാണ്. ഭൗതികക്ഷേമത്തിനാണ് സാധാരണ മനുഷ്യർ മുൻഗണന നൽകുക. അതിനാൽ ഭൗതികക്ഷേമം ഉണ്ടാക്കുകയും വർധിപ്പിക്കുകയും ചെയ്യുന്നതിനുള്ള ചരക്കുകളയും സേവനങ്ങളെയും മാത്രമേ ധനശാസ്ത്രത്തിന്റെ പരിധിയിൽ പെടുത്താവൂ എന്ന് ഒരു കൂട്ടർ വാദിച്ചു. ഭൗതികക്ഷേമത്തിനെ മാത്രം പരിഗണിക്കാതെ മൊത്തം മനുഷ്യക്ഷേമത്തെ അടിസ്ഥാനമാക്കി ധനശാസ്ത്രത്തെ നിർവചിക്കുകയാണ് ആൽഫ്രഡ് മാർഷൽ ചെയ്തത്. ക്ഷേമേച്ഛുക്കളുടെ സാധാരണ ജീവിതത്തിലെ പ്രവർത്തനങ്ങളുടെ പഠനമാണ് ധനശാസ്ത്രമെന്ന് ആൽഫ്രഡ് മാർഷൽ പറഞ്ഞു. ധനശാസ്ത്രത്തെ സാമൂഹ്യവീക്ഷണത്തോടെ കാണുകയും മനുഷ്യക്ഷേമത്തിന് മുൻഗണന നൽകുകയുമാണ് അദ്ദേഹം ചെയ്തത്. ആനന്ദത്തോടെ ജീവിക്കുന്നതിനുള്ള വരുമാനത്തിനുവേണ്ടിയാണ് മനുഷ്യൻ അധ്വാനം ചെയ്യുന്നത്. വരുമാനം ചെലവിടുന്നു. ഈ പ്രക്രിയുടെ ഭാഗമായിട്ടാണ് ഉൽപാദനം വിലനിർണ്ണയം, വിനിമയം, വിതരണം, ഉപഭോഗം എന്നിവ ഉണ്ടാക്കുന്നത്. ധനശാസ്ത്രത്തെ മാർഷൽ വിഭജിച്ചത് ഈ അടിസ്ഥാനത്തിലാണ്.

ഈ നിർവചനവും ശരിയല്ലെന്ന് റോബിൻസ് പ്രസ്താവിച്ചു. കാരണം മദ്യം, കറുപ്പ് തുടങ്ങിയ ലഹരിപദാർത്ഥങ്ങൾ ഭൗതികക്ഷേമമോ മാനുഷികക്ഷേമമോ പ്രദാനം ചെയ്യുന്നില്ല. മാത്രമല്ല അവ ദോഷം ചെയ്യുന്നുണ്ടുതാനും. എങ്കിലും ഇവ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ഉപഭോഗിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഇവയുടെ ഉൽപാദന-വിതരണ-ഉപഭോഗസമ്പ്രദായം ധനശാസ്ത്രപഠനത്തിന്റെ പരിധിക്കു വെളിയിലാകുന്നത് ശരിയല്ല എന്നാണ് റോബിൻസ് പറഞ്ഞത്. ധനശാസ്ത്രം ഒരു ശുദ്ധശാസ്ത്രം ആകണമെങ്കിൽ അത് തികച്ചും വസ്തുനിഷ്ഠവും നിഷ്പക്ഷവും ആയിരിക്കണം. നല്ലത്, തീയത്, ചെയ്യാവുന്നത്, അരുതാത്തത് എന്നിങ്ങനെയുള്ള വിധികളും വിലക്കുകളും അത് നൽകാൻ പാടില്ല. വിധികൽപന ശാസ്ത്രത്തിന്റെ കടമയല്ല എന്നാണ് റോബിൻസ് പറഞ്ഞത്.

സമൂഹജീവിയായ മനുഷ്യന് എണ്ണമററ ആവശ്യങ്ങളുണ്ട്. അവ നിറവേററാൻ ഒററയ്ക്കും കൂട്ടായും യത്നിക്കേണ്ടിയിരിക്കുന്നു. യത്നത്തിന്റെ പുറമെ സമയം, പണം, ശാരീരികവും മാനസികവുമായ കഴിവുകൾ എന്നീ ഉപകരണങ്ങളും ആവശ്യമാണ്. ഈ ഉപകരണങ്ങളും ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയും പരിമിതിയുള്ളവയാണ്. ഈ പരിമിതികളാണ് മനുഷ്യനെ ദു:ഖിതനാക്കുന്നത്. വിഭവങ്ങളും ഉപകരണങ്ങളും പരിമിതമാകുമ്പോൾ ഉള്ളവ എങ്ങനെ സഫലമായി ഉപയോഗിക്കാം എന്ന് ചിന്തിക്കേണ്ടതായിവരുന്നു. ശുദ്ധജലവിതരണം പെട്ടെന്ന് നിലച്ചപ്പോൾ വീട്ടിലുണ്ടായിരുന്ന ഒരു തൊട്ടി വെള്ളം പാചകത്തിനോ പാത്രം കഴുകുന്നതിനോ കുളിക്കുന്നതിനോ അലക്കുന്നതിനോ ഏതിനാണ് ഉപയോഗിക്കേണ്ടത് എന്ന് ചിന്തിക്കുന്ന വീട്ടമ്മയുടെ ദു:ഖം ഓർത്തുനോക്കൂ. ബുദ്ധിപൂർവം ഏതിനാണ് വെള്ളം ഉപയോഗിക്കേണ്ടത് എന്ന് തീരുമാനിച്ച് ആ തീരുമാനം നടപ്പിലാക്കേണ്ടതായിവരുന്നു. ധനത്തിന്റെയും മററു വിഭവങ്ങളുടെയും കാര്യവും ഇങ്ങനെതന്നെ. എണ്ണമററ ആവശ്യങ്ങൾ, പരിമിതമായ വിഭവങ്ങൾ, ഉപകരണങ്ങൾ എന്നിവയുടെ ബന്ധത്തെ ആസ്പദമാക്കിയുള്ള മനുഷ്യന്റെ പെരുമാററങ്ങളുടെ പഠനമാണ് ധനശാസ്ത്രം എന്ന് റോബിൻസ് നിർവചിച്ചു.

## 9.2 പാഠസംഗ്രഹം.

ധനശാസ്ത്രത്തിന്റെ ഉദ്ഭവം, പടിപടിയായ വളർച്ച എന്നിവയാണ് ഈ പാഠത്തിൽ പ്രതിപാദിക്കുന്നത്. ധനശാസ്ത്രത്തിന് ആദിമഘട്ടത്തിലുണ്ടായിരുന്ന അർത്ഥമല്ല ഇപ്പോൾ ഉള്ളത്. അതിന്റെ സങ്കൽപത്തിലാകെ മാററമുണ്ടായിട്ടുണ്ട്. ആ അർത്ഥവികാസത്തിന്റെയും അർത്ഥപരിണാമത്തിന്റെയും കഥ ഇവിടെ സംക്ഷിപ്തമായി വിവരിച്ചിരിക്കുന്നു. ധനശാസ്ത്രത്തിന്റെ വികാസത്തിന് ഗണ്യമായ സംഭാവന നൽകിയ പ്രശസ്ത ധനശാസ്ത്രവിദഗ്ദ്ധരുടെ വിചിന്തനങ്ങൾ സംഗ്രഹിച്ച് കാണിക്കാനും ഉദ്യമിച്ചിട്ടുണ്ട്. ടെയ്ൻ, ആഡംസ്മിത്ത്, മാർഷൽ, റോബിൻസ് എന്നിവരാണ് പ്രശസ്തരായ ആ ധനശാസ്ത്ര വിശാരദൻമാർ. ധനശാസ്ത്രത്തിന്റെ നിർവചനങ്ങൾ എന്തെല്ലാമാണെന്നും ആ നിർവചനങ്ങളുടെ പിന്നിലുള്ള സങ്കൽപങ്ങൾ എന്തൊക്കെയാണെന്നും തുടർന്ന് പരിഗണിക്കുന്നു. ധനശാസ്ത്രത്തെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കിക്കാണുന്നതുകൊണ്ടാണ് ഭിന്ന നിർവചനങ്ങൾ ഉണ്ടാകുന്നത്. ഓരോ നിർവചനത്തിന്റെയും പരിമിതികളും സാദ്ധ്യതകളും ഇവിടെ വിമർശനവിധേയമായിട്ടുണ്ട്. സർവ്വാദരണീയമായ ഒരു നിർവചനം അതിന് ഉണ്ടായിട്ടുണ്ടെന്നും പറഞ്ഞുകൂടാ. ധനശാസ്ത്രത്തിന്റെ പഠനപരിധിയിൽ ഉൾപ്പെടുന്ന വിഷയങ്ങളുടെ സങ്കീർണ്ണതയാണ് അതിനു കാരണം.

**പുരോഗതി സ്വയം പരിശോധിക്കുക-1**

1) ഒന്നോ രണ്ടോ വാക്യങ്ങളിൽ ഉത്തരമെഴുതുക:

1. ധനശാസ്ത്രത്തിന്റെ പര്യായമായ ഇക്കണോമിക്സ് എന്ന പദത്തിന്റെ അർത്ഥം എന്താണ്; എന്താണ് അതിന്റെ വിഷയം?
2. രാഷ്ട്രത്തിന്റെ ധനത്തെ സംബന്ധിച്ച പഠനത്തിന് 'പൊളിററിക്കൽ ഇക്കോണമി' എന്ന പേർ നിർദ്ദേശിച്ചത് ആരാണ്? പിൽക്കാലത്ത് ആ പേർ ഗ്രന്ഥത്തിൽ ഉപയോഗിച്ച ധനശാസ്ത്രജ്ഞൻ ആരാണ്?
3. ഇക്കണോമിക്സ് എന്ന പേർ വീണ്ടും ഉറയ്ക്കുന്നതിന് കാരണക്കാരൻ ആര്?
4. ധനശാസ്ത്രത്തിന്റെ പിതാവ് ആരാണ്?
5. ധനം എന്നാൽ എന്ത്: ധനത്തിന്റെ ഉൽപാദനത്തിന് ആവശ്യമായ നാലു ഘടകങ്ങൾ ഏവ?

# 9.3 വിഷയാവതരണം

ധനശാസ്ത്രവും മാനവികശാസ്ത്രത്തിൽ ഉൾപ്പെടുന്നു. അതിന് സ്വതന്ത്രമായ നിലനിൽപുണ്ട്. എന്നിരുന്നാലും രാഷ്ട്രതന്ത്രം, ചരിത്രം, സാംഖ്യികം എന്നിവയോട് ബന്ധപ്പെടുമ്പോഴാണ് അതിന് പൂർണ്ണത വരുന്നത്. മാനവികശാസ്ത്രങ്ങളോട് ധനശാസ്ത്രത്തോടുള്ള ബന്ധത്തെ വിശകലനം ചെയ്യുന്ന ഒരു പാഠഭാഗം ഇവിടെ ചേർത്തിരിക്കുന്നു.

## പാഠം-2 ധനശാസ്ത്രവും മററു മാനവികശാസ്ത്രങ്ങളും

ധനശാസ്ത്രവും രാഷ്ട്രതന്ത്രവും വളരെ അടുത്തു ബന്ധമുള്ള വിഷയങ്ങളാണ്. ജനങ്ങൾക്ക് സർക്കാരിനോടും രാഷ്ട്രത്തോടും ഉള്ള ബന്ധത്തെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് രാഷ്ട്രതന്ത്രം. ധനശാസ്ത്രത്തിനും രാഷ്ട്രതന്ത്രത്തിനും പൊതുവായ പല ഭാവങ്ങളും ഉണ്ട്. പൊതുധനകാര്യപ്രശ്നങ്ങൾ ധനശാസ്ത്രത്തിൻെറയും രാഷ്ട്രതന്ത്രത്തിൻെറയും ഭാഗമാണ്. ഒരു രാജ്യത്തിലെ ഗവണ്മെൻറിൻെറ സ്വഭാവത്തിനും പ്രവർത്തനങ്ങൾക്കും ആ രാജ്യത്തിലെ ഉൽപാദനം, വിതരണം, ധനവിനിമയം തുടങ്ങിയ സാമ്പത്തികകാര്യങ്ങളിൽ ഗണ്യമായ സ്വാധീനമുണ്ട്. ഒരു രാജ്യത്തിലെ രാഷ്ട്രീയ സംഘടന അവിടത്തെ സാമ്പത്തികസംഘടനയുടെ പ്രതിഫലനമായിരിക്കും. പ്രശ്നങ്ങളെ വീക്ഷിക്കുന്ന രീതിയിലും രാഷ്ട്രീയവും സാമ്പത്തികവുമായ ഭാവങ്ങൾ അടങ്ങിയിട്ടുണ്ട്. ഭക്ഷ്യപ്രശ്നം, തൊഴിലില്ലായ്മ, തുടങ്ങിയവ രാജ്യതന്ത്രജ്ഞന്മാരുടെയും ധനശാസ്ത്രജ്ഞന്മാരുടെയും ചുമതലയിലുള്ള മേഖലകളാണ്.

മനുഷ്യൻെറ പെരുമാററത്തെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് ധനശാസ്ത്രം. മനുഷ്യൻെറ പെരുമാററത്തിൽ സ്വാധീനവും, പ്രേരണയും ചെലുത്തുന്ന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള പഠനമാണ് മനഃശാസ്ത്രം. ഈ വീക്ഷണത്തിൽ ഈ രണ്ട് ശാസ്ത്രങ്ങളും തമ്മിൽ അടുത്ത ബന്ധമുണ്ട്. ധനശാസ്ത്രത്തിൻെറ അടിസ്ഥാനത്തിൽ നിർണയിക്കപ്പെടുന്ന പല സാമ്പത്തിക പ്രവർത്തനങ്ങളുമുണ്ട്. ഉദാഹരണമായി, ഒരു ഉൽപാദനത്തിൻെറ കമ്പോളവില നിശ്ചയിക്കുന്ന ഘടകങ്ങളിലൊന്നാണ് അതിൻെറ ആവശ്യകത അഥവാ ചോദനം. ചോദനത്തിൽ വ്യത്യാസം വരുന്നത് ഉപഭോക്താക്കളുടെ മനോവ്യാപാരത്തിൻെറ അടിസ്ഥാനത്തിലാണ്.

ധനശാസ്ത്രമെന്നപോലെ തന്നെ സുപ്രധാനമായ മറെറാരു ശാസ്ത്രശാഖയാണ് സാംഖ്യികം (സ്ററാററിസ്ററിക്സ്). ധനശാസ്ത്രപഠനത്തിൽ സാംഖ്യികത്തിൻെറ സ്വാധീനം വളരെയുണ്ട്. സാമ്പത്തികസിദ്ധാന്തങ്ങൾ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിലാണ് പരിശോധിക്കപ്പെടുന്നത്. സ്ഥിതിവിവരക്കണക്കുകൾ ഇല്ലെങ്കിൽ സാമ്പത്തികചർച്ച വസ്തുനിഷ്ഠമാവില്ല.

ചരിത്രവും ധനശാസ്ത്രവുമായും ബന്ധമുണ്ട്. സാമ്പത്തികസിദ്ധാന്തങ്ങളും പ്രശ്നങ്ങളും കൂടുതൽ മനസ്സിലാക്കുന്നതിനാവശ്യമായ വസ്തുതകൾ ചരിത്രത്തിൽനിന്നാണ് ലഭിക്കുന്നത്. ചരിത്രവസ്തുതകളുടെ അടിസ്ഥാനത്തിൽ സാമ്പത്തികസിദ്ധാന്തങ്ങൾ തള്ളിക്കളയണോ സ്വീകരിക്കണോ എന്ന് തീരുമാനിക്കാൻ കഴിയുന്നു. 'ചരിത്രം ഇല്ലാത്ത മനഃശാസ്ത്രത്തിന് വേരില്ല. ധനശാസ്ത്രം ഇല്ലാത്ത ചരിത്രത്തിന് കായ് ഇല്ല' എന്ന ചൊല്ല് ഈ ശാസ്ത്രശാഖകളുടെ പരസ്പരബന്ധത്തെ വെളിവാക്കുന്നു.

നന്മതിന്മകളെ വകതിരിക്കുന്നതാണ് നീതിശാസ്ത്രം. പ്രചീനകാലത്ത് ചിന്തകന്മാർ ധനശാസ്ത്രത്തെ നീതിശാസ്ത്രത്തിൻെറ ഭാഗമായാണ് കണ്ടിരുന്നത്. പിന്നീട് അവ വേർതിരിഞ്ഞു. സംതർപ്പണം നൽകപ്പെടേണ്ട ആവശ്യങ്ങളും ആവശ്യസംതർപ്പണത്തിനുള്ള മാർഗങ്ങളും തെരഞ്ഞെടുക്കുന്നത് ജനങ്ങൾ അവർക്കിഷ്ടപ്പെട്ട രീതികളിലൂടെയാണ്. ആവശ്യങ്ങളുടെയും അവ നിറവേററുന്നതിനുള്ള മാർഗങ്ങളുടെയും നന്മതിന്മകൾ നോക്കേണ്ട കാര്യം ധനശാസ്ത്രത്തിനില്ല എന്നാണ് കെർനർ തുടങ്ങിയ ശാസ്ത്രജ്ഞന്മാർ പറഞ്ഞത്. എന്നാൽ ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം, സദാചാരപരിഗണനകളെ ധനശാസ്ത്രത്തിൽനിന്ന് പൂർണമായി മാററിനിർത്തുവാൻ പാടില്ല എന്നാണ്. കാരണം, ധനശാസ്ത്രത്തിൻെറ ലക്ഷ്യം ജനക്ഷേമം വളർത്തുകയാണ്. അതിനെ നീതിയിൽനിന്ന് എങ്ങനെ പൂർണമായി അകററി നിർത്തും എന്ന് അവർ ചോദിക്കുന്നു. ഇങ്ങനെ ചിന്തിച്ചാൽ പ്രകൃതിശാസ്ത്രം, നിയമശാസ്ത്രം, തർക്കശാസ്ത്രം, ഗണിതം എന്നിങ്ങനെ പ്രധാനപ്പെട്ട എല്ലാ ശാസ്ത്രശാഖകളുമായും ധനശാസ്ത്രത്തിന് ബന്ധമുണ്ടെന്ന് കാണാം.

എല്ലാ ധനശാസ്ത്രജ്ഞന്മാരും ധനശാസ്ത്രത്തെ ശാസ്ത്രമായി അംഗീകരിക്കുന്നുണ്ട്. എന്നാൽ, രസതന്ത്രത്തെയോ ഭൗതികത്തെയോ പോലെയുള്ള ഒരു ശാസ്ത്രമല്ല ധനശാസ്ത്രം. കാരണം, ഭൗതികശാസ്ത്രനിയമങ്ങൾക്ക് കൂടുതൽ കൃത്യതയുണ്ട്. ധനശാസ്ത്രനിയമങ്ങൾ ഒന്നുംതന്നെ ഇത്രമാത്രം കൃത്യമല്ല. സംഭാവ്യത സംബന്ധിച്ച പ്രസ്താവങ്ങൾ മാത്രമാണ് ധനശാസ്ത്രനിയമങ്ങൾ. ഭൗതികം, രസതന്ത്രം ഇവയിലെ നിയമങ്ങളും അങ്ങനെയാണെങ്കിലും, അവയിൽ സംഭാവ്യത വളരെ കൂടും. മനുഷ്യന്റെ സ്വഭാവവും പെരുമാറ്റവുമാണ് ധനശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു. വികാരസ്പർശമില്ലാതെയും മനസ്സാക്ഷിയില്ലാതെയും അനീതിപരമായും അധർമപരമായും പ്രവർത്തിക്കുവാൻ ധനശാസ്ത്രവിജ്ഞാനത്തിന് കഴിയില്ല. ജീവിതസുഖത്തിന്റെയും സമൃദ്ധിയുടെയും ഭൗതികപുരോഗതിയുടെയും സ്വർഗത്തിലേക്കുള്ള താക്കോൽ കൈവശമുണ്ടെന്ന് വാദിക്കുന്ന ധനശാസ്ത്രം അപഗ്രഥനവും അനുശാസനവും അനുഷ്ഠാനവും ഒന്നിച്ച് കൈകാര്യം ചെയ്തേ മതിയാകൂ.

## 9.4 പാഠസംഗ്രഹം

ധനശാസ്ത്രവും ഇതര മാനവികശാസ്ത്രങ്ങളും തമ്മിലുള്ള ബന്ധമാണ് ചർച്ച ചെയ്യുന്നത്. മാനവികശാസ്ത്രങ്ങൾ മാനവികമായ കാര്യങ്ങളുടെ ചിട്ടയായ പഠനമാണെന്ന് നാം നേരത്തെ പറഞ്ഞിട്ടുണ്ടല്ലോ. മനുഷ്യനെ സംബന്ധിക്കുന്ന കാര്യങ്ങൾ വേറിട്ടല്ല പരസ്പരം ബന്ധപ്പെട്ടാണ് നിലനിൽക്കുന്നത്. അതുകൊണ്ട് മാനവികശാസ്ത്രങ്ങളെല്ലാം തന്നെ പരസ്പരം ബന്ധപ്പെട്ടും പരിപോഷിപ്പിച്ചുമാണ് നിലനിൽക്കുകയും ചെയ്യുന്നത്. ഒരു ജനതയുടെ ചരിത്രം പഠിക്കുമ്പോൾ ആ ജനതയുടെ ഉല്പാദന വിതരണസമ്പ്രദായങ്ങളും ജനങ്ങളുടെ ജീവിത രീതിയും പഠിക്കാതെ ആ ചരിത്രപഠനം പൂർണ്ണമാവുകയില്ല. ഒരു സമൂഹം എന്ത് ഉൽപ്പാദിപ്പിക്കണമെന്നു തീരുമാനിക്കുന്നത് ആ സമൂഹത്തിലെ അംഗങ്ങളുടെ അഭിരുചികളും സാമൂഹ്യനിലവാരവും സാംസ്കാരിക പരിഗണനകളും കണക്കിലെടുത്തുകൊണ്ടാകാനേ തരമുള്ളു. അതുകൊണ്ടാണ് ഈ വിഷയങ്ങൾ പരസ്പരം ബന്ധപ്പെട്ടു നിൽക്കുന്നു എന്ന് പറയുന്നത്.

രാഷ്ട്രതന്ത്രം, ചരിത്രം, മനഃശാസ്ത്രം, സാംഖ്യികം (സ്ററാററിസ്ററിക്സ്) നീതിശാസ്ത്രം എന്നീ ശാസ്ത്രവിഭാഗങ്ങൾ ഏതു വിധത്തിൽ ധനശാസ്ത്രത്തോടു ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇവിടെ നിരീക്ഷിക്കപ്പെടുന്നു. സംഗ്രഹിക്കപ്പെട്ട രൂപത്തിൽ മാത്രമാണ് ഈ ബന്ധം പ്രതിപാദിച്ചിരിക്കുന്നത്. എങ്കിലും അവയുടെ അടിസ്ഥാനബന്ധം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

**പുരോഗതി സ്വയം പരിശോധിക്കുക-2**

ആ) 1. "...ധനശാസ്ത്രം അപഗ്രഥനവും അനുശാസനവും അനുഷ്ഠാനവും ഒന്നിച്ച് കൈകാര്യം ചെയ്തേ മതിയാകൂ" എന്തുകൊണ്ട്?

2. ക്രിയാരൂപം എഴുതുക.
   സ്വാധീനം   പെരുമാററം   ഉല്ലാസം   പരിശോധന
3. നാമരൂപം എഴുതുക.
   അനുശാസിക്കുക.   തിരഞ്ഞെടുക്കുക.   വീക്ഷിക്കുക.   നോക്കുക.
4. ഒററവാക്ക് എഴുതുക.
   സദാചാരത്തെ സംബന്ധിക്കുന്നത്
   അനീതിയോടുകൂടിയത്
5. സമാസിക്കുക.
   ജനങ്ങളുടെ ക്ഷേമം   ഭൗതികമായ പുരോഗതി   ചരിത്രപരമായ വസ്തുതകൾ.

## 9.5 വിഷയാവതരണം

സമ്പത്തെന്താണെന്നും, സമൂഹമെന്താണെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞു. സമൂഹത്തിൽ നിലനില്ക്കുന്ന സാമൂഹ്യവ്യവസ്ഥിതികൾ എന്താണെന്ന് ധനശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ നമുക്ക് മനസ്സിലാക്കാൻ ശ്രമിക്കാം. വ്യക്തിയെ ചൂഷണം ചെയ്ത് ലാഭമുണ്ടാക്കുന്ന മുതലാളിത്ത വ്യവസ്ഥിതിയിലും, ലാഭേച്ഛയില്ലാതെ സമൂഹത്തിന്റെ സ്വത്ത് സമൂഹത്തിന്റെതന്നെ നന്മയ്ക്ക് ഉപയോഗിക്കുന്ന സോഷ്യലിസ്ററ് വ്യവസ്ഥിതിയിലും വ്യത്യസ്തപ്പെട്ടു കാണുന്ന സാമ്പത്തിക വ്യവസ്ഥിതികളെക്കുറിച്ചുള്ള ഒരു സാമാന്യജ്ഞാനം ഈ പാഠത്തിൽനിന്ന് കിട്ടുമെന്ന് കരുതാം.

## പാഠം-3 സാമ്പത്തികവ്യവസ്ഥിതികൾ

സാമൂഹ്യശാസ്ത്രത്തിൻെറ കാഴ്ചപ്പാടിൽ സാമൂഹ്യവ്യവസ്ഥിതികളെക്കുറിച്ച് അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. ധനശാസ്ത്രത്തിൻെറ വീക്ഷണത്തിലൂടെ വ്യവസ്ഥിതികളെ നോക്കിക്കാണുകയാണ് ഇവിടെ ചെയ്യുന്നത്. ബ്രിട്ടനിൽ ആരംഭിച്ച് ക്രമേണ മററു രാജ്യങ്ങളിലേക്ക് വ്യാപിച്ച വ്യവസായവിപ്ളവത്തിൻെറ സന്തതിയാണ് മുതലാളിത്ത വ്യവസ്ഥിതി. വ്യവസായവിപ്ളവം ഉൽപാദനരീതിയിൽ സമൂലമായ മാററം വരുത്തി. ഉൽപാദനപ്രക്രിയയിൽ കൈകളുടെ സ്ഥാനം യന്ത്രങ്ങളിലേക്ക് മാറി. കുടിൽവ്യവസായങ്ങളുടെയും ചെറുകിടവ്യവസായങ്ങളുടെയും സ്ഥാനം വൻകിട വ്യവസായശാലകൾ അപഹരിച്ചു. ഗതാഗതത്തിലുണ്ടായ വർധനവ് കൂടുതൽ വലിയ വിപണികൾ ഉണ്ടാക്കി. മുതലാളിമാരുടെ ഉടമസ്ഥതയിലുള്ള ഫാക്ടറികളിൽ തൊഴിലാളികൾ വെറും ശമ്പളക്കാരായി ജോലി നോക്കാൻ തുടങ്ങി.

സ്വകാര്യയുടമയും പിൻതുടർച്ചാവകാശവും സ്വകാര്യസ്വത്ത് അനുഭവിക്കുന്നതിനും നിലനിർത്തുന്നതിനും ഉള്ള അവകാശവും, മുതലാളിത്തവ്യവസ്ഥിതിയിൽ നിയമം മൂലം അനുവദിക്കപ്പെട്ടിരിക്കുന്നു. ഒരു വ്യക്തിയുടെ സ്വത്ത് അയാളുടെ മരണശേഷം അയാളുടെ പിൻഗാമികൾക്ക് അവകാശപ്പെട്ടതാണ്. ഇതിൻെറ ഫലമായി സമൂഹത്തിൽ ധനത്തിൻെറ സംഭരണത്തിലും വിതരണത്തിും അസമത്വം ഉണ്ടാകുന്നു.

ഉൽപ്പാദനോപകരണങ്ങളുടെ ഉടമ മുതലാളിത്തവ്യവസ്ഥിതിയിൽ വ്യക്തികളാണ്. ലാഭമുണ്ടാക്കാൻവേണ്ടി മാത്രമായി അവർ ഉപകരണങ്ങൾ ഉപയോഗിക്കുന്നു. ജനനന്മ അവർക്കൊരു പ്രശ്നമേയല്ല. പാടങ്ങളുടെയും ഫാക്ടറികളുടെയും ഉടമയും വ്യക്തികളാണ്. കൃഷി, വാണിജ്യം, വ്യവസായം തുടങ്ങിയവ അവരുടെ ലാഭത്തിനുവേണ്ടി മാത്രമാണ് നടത്തുന്നത്. അധികാരപ്രമത്തരായ മുതലാളിമാരും ഭൂവുടമകളും മുതലാളിത്തവ്യവസ്ഥിതിയിൽ കൂടുതൽ സമ്പന്നരായിത്തീരുന്നു. ജനങ്ങളിൽ ബഹുഭൂരിപക്ഷവും അവരറിയാതെ തന്നെ ചൂഷണംചെയ്യപ്പെടുന്നു. അവർ നിരന്തരം പാപ്പരായിക്കൊണ്ടിരിക്കുന്നു.

ഉള്ളവരും ഇല്ലാത്തവരും എന്ന് രണ്ട് ഭാഗമായി സമൂഹം വിഭജിക്കപ്പെടുന്നു. എല്ലാ നിയന്ത്രണങ്ങളും നിക്ഷിപ്തമായിട്ടുള്ള മുതലാളിവർഗവും എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട തൊഴിലാളിവർഗവും തമ്മിൽ നിരന്തര സംഘർഷം ഉണ്ടാകുന്നു.

മുതലാളിത്തവ്യവസ്ഥിതിയിൽ വിവിധ സാമ്പത്തികപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള സമിതികളോ നിയന്ത്രണങ്ങളോ ഇല്ല. എല്ലാ മുതലാളിമാർക്കും പൂർണസ്വാതന്ത്ര്യമുണ്ട്. ഈ സ്വാതന്ത്ര്യം, മുതലാളിമാർ തമ്മിൽ മത്സരത്തിനിടയാക്കുകയും കുത്തകകളെ സൃഷ്ടിക്കുകയും ചെയ്യുന്നു. ഒടുവിൽ എല്ലാ നിയന്ത്രണങ്ങളും പരസ്പരം സഹകരിക്കുന്ന ഏതാനും കുത്തകകളുടെ കൈയിലെത്തിച്ചേരുന്നു. മത്സരവും സഹകരണവും ഇടകലർന്നുള്ള നിരന്തരമായ പരിശ്രമമാണ് ഇതിൽ. എല്ലാം ലാഭം ഉണ്ടാക്കുക എന്ന ഏകലക്ഷ്യത്തെ മുൻനിർത്തിത്തന്നെ.

ഇന്നു പരക്കെ അംഗീകാരം ലഭിച്ചിട്ടുള്ള ഒരു സാമ്പത്തികവ്യവസ്ഥിതിയാണ് സോഷ്യലിസം. സോഷ്യലിസത്തെ പലരും പലതരത്തിൽ നിർവചിച്ചിട്ടുണ്ട്. അതിനാൽ കൃത്യമായ ഒരു നിർവചനം നൽകുക സാദ്ധ്യമല്ല.

പ്രാചീന ചിന്തകന്മാരായ പ്ളാറേറാ, മൂർ, ഓവൻ തുടങ്ങിയവരുടെ കൃതികളിൽ സാങ്കൽപിക സോഷ്യലിസത്തെ അഥവാ യൂട്ടോപ്യൻ സോഷ്യലിസത്തെ വിശദീകരിച്ചിട്ടുണ്ട്. ഇവർ സോഷ്യലിസ്ററ് ആശയം ഉൾക്കൊണ്ടിരുന്നുവെങ്കിലും, എപ്രകാരം അതു നടപ്പിലാക്കണമെന്ന് യാതൊരു നിശ്ചയവും ഇവർക്ക് ഉണ്ടായിരുന്നില്ല. ശാസ്ത്രീയ സോഷ്യലിസത്തിന് അടിത്തറ പാകിയത് കാൾമാർക്സാണ്. അദ്ദേഹത്തിൻെറ ചിന്തകളിലൂടെയാണ് സോഷ്യലിസം പ്രായോഗികമാക്കാനുള്ള പാത തെളിഞ്ഞുവന്നത്.

സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ ഉല്പാദനഘടകങ്ങളായ ഭൂമി, മൂലധനം തുടങ്ങിയവയുടെ ഉടമ പൊതുജനങ്ങളിൽ - സമൂഹത്തിൽ - സ്ഥിതിചെയ്യുന്നു. ഉല്പാദനസ്വാതന്ത്ര്യം സ്റേററിൽ നിക്ഷിപ്തമാണ്. എല്ലാ സാമ്പത്തികപ്രവർത്തനങ്ങളും മുൻകൂട്ടി പ്ളാൻചെയ്തവയായിരിക്കും. വ്യക്തികൾക്കു തോന്നിയപടി സമൂഹത്തെ ബാധിക്കുന്ന തരത്തിലുള്ള സാമ്പത്തികപ്രവർത്തനങ്ങൾ നടത്തുവാൻ അധികാരമില്ല. സ്വകാര്യലാഭം ഉണ്ടാക്കുവാൻ ആർക്കും അവസരമില്ല. എങ്കിലും മററു തൊഴിലാളികളെ നിയോഗിച്ച് ജോലി ചെയ്യിച്ചു ലാഭം ഉണ്ടാക്കാനാവാത്ത വിധത്തിൽ സ്വകാര്യസ്വത്ത് വ്യക്തികൾക്ക് ലഭിച്ചിട്ടുണ്ട്. ഒരു വ്യക്തിക്ക് ഒരു വീടിൻെറ ഉടമസ്ഥനാകാം. ഫാക്ടറിയുടെയോ ഖനിയുടെയോ ഉടമസ്ഥനാകാൻ പററില്ല.

ലാഭോദ്ദേശ്യമില്ലാതെ സമൂഹത്തിൻെറ ക്ഷേമം മാത്രം മുൻനിർത്തി ഉല്പാദനഘടകങ്ങളെ സ്റേററിൻെറ അധീനതയിൽ കൊണ്ടുവന്നിട്ടുള്ള സോഷ്യലിസ്ററ് രാജ്യങ്ങൾ ഇപ്പോൾ കുറേയുണ്ട്. തൊഴിലാളിക്ക് തൻെറ

ജോലിക്കു തക്ക വേതനം എന്നതിലുപരി, തൻെറ ആവശ്യങ്ങഠം തൃപ്തിപ്പെടുത്തുന്നതിന് തക്ക വേതനം എന്ന പരിധിവരെ സോഷ്യലിസത്തിനു വളരാനാകുമെന്ന് വിശ്വസിക്കപ്പെടുന്നു. സോഷ്യലിസ്ററ് രാജ്യങ്ങളിലെ ഉല്പാദനം, തൊഴിലാളിക്കു പ്രതിഫലം നിശ്ചയിക്കേണ്ട ആവശ്യമേ ഇല്ലാത്തത്ര അധികരിക്കുമെന്നും, ഈ സ്ഥിതിയിൽ സോഷ്യലിസം കമ്യൂണിസത്തിനു വഴിമാറിക്കൊടുക്കുമെന്നും കരുതപ്പെടുന്നു. ഓരോരുത്തരും അവരവരുടെ കഴിവിനനുസരിച്ചുള്ള ജോലി ചെയ്യുകയും അവരവരുടെ ആവശ്യത്തിനനുസരിച്ച് കൂലി പററുകയും ചെയ്യുന്ന സമ്പദ്‌വ്യവസ്ഥിതിയാണ് കമ്യൂണിസം. ഈ വ്യവസ്ഥിതിയിൽ ഓരോ വ്യക്തിയും അവനവൻെറ എല്ലാ കഴിവുകളും പ്രകടിപ്പിക്കുകയും അവരുടെ ആഗ്രഹങ്ങഠം നിറവേററപ്പെടുകയും ചെയ്യുന്നു.

സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ സാമൂഹ്യ-വ്യവസായ-ഭരണസംവിധാനങ്ങഠം സമൂഹത്തിൻെറ ക്ഷേമത്തിനുവേണ്ടിയായിരിക്കം: വ്യക്തികളുടെ ലാഭത്തെ ലാക്കാക്കിയുള്ളവയായിരിക്കുകയില്ല. എന്ത്, എത്രമാത്രം, എങ്ങനെ ഉൽപാദിപ്പിക്കണമെന്നു നിശ്ചയിക്കുന്നത് കേന്ദ്ര-ആസൂത്രണസമിതിയായിരിക്കും. പദ്ധതികഠം ആവിഷ്ക്കരിക്കുന്നതിനും നടപ്പിലാക്കുന്നതിനും ഉള്ള പരിപൂർണ്ണ-അധികാരം ഈ സമിതിക്കായിരിക്കും. നിലവിലുള്ള വിഭവങ്ങളുടെ വിവരം ശേഖരിക്കുകയം ഏതു രീതിയിൽ ഈ വിഭവങ്ങഠം ഉപയോഗപ്പെടുത്തണമെന്ന് മുൻകൂട്ടി നിശ്ചയിച്ച് അതിനനുസരിച്ചുള്ള പദ്ധതികഠം ആവിഷ്ക്കരിക്കുകയും ചെയ്യും. ഉൽപാദന ഘടകങ്ങളെ ആവശ്യത്തിനനുസരിച്ച് കൃത്യമായ പാതകളിലൂടെ തിരിച്ചു വിടാൻ ഈ വ്യവസ്ഥിതിയിൽ കഴിയും. ഉൽപ്പാദനമെന്നപോലെതന്നെ വിതരണവും ആസൂത്രണസമിതിതന്നെയാണ് നശ്ചയിക്കുന്നത്. പൊതുവായ സാമൂഹ്യലക്ഷ്യങ്ങഠം നേടുന്നതിനായി സാമ്പത്തികപ്രക്രിയ ഈ വ്യവസ്ഥിതിയിൽ നിയന്ത്രിക്കപ്പെടുന്നു.

വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുകയും വ്യക്തികഠം അവരുടെ കഴിവുകഠം പൂർണ്ണമായി പ്രകടിപ്പിക്കാൻ മടി കാണിക്കുകയും ചെയ്യും എന്നതാണ് സോഷ്യിസത്തിൻെറ ദോഷമായി പറയപ്പെടുന്നത്. സർക്കാർ ക്രമേണ സ്വേച്ഛാധിപത്യത്തിലേക്കു വഴുതാനുമിടയുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളുടെ ഭരണം സർക്കാരുദ്യോഗസ്ഥന്മാരുടെ കൈയിലാകുകയും, 'ചുവപ്പുനാട' സമ്പ്രദായം എങ്ങും പടരുകയും ചെയ്യും. നഷ്ടമുണ്ടായാൽ ആർക്ക് ചേതം? 'കാട്ടിലെ തടി, തേവരുടെ ആന' എങ്ങനെയോ ആകട്ടെ എന്നുള്ള മാനസികാവസ്ഥ സർക്കാരുദ്യോഗസ്ഥന്മാർക്കുണ്ടാകും. ഇത്തരം ദോഷങ്ങളും സോഷ്യലിസ്ററ് വ്യവസ്ഥിതിക്കെതിരെ പറയാറുണ്ട്.

മുതലാളിത്തവ്യവസ്ഥിതിയുടെയും സോഷ്യലിസ്ററ് വ്യവസ്ഥിതിയുടെയും ഗുണങ്ങഠം സംയോജിപ്പിക്കുവാനുള്ള ആഗ്രഹത്തിൻെറ ഫലമാണ് മിശ്രസമ്പദ്‌വ്യവസ്ഥ. ഉല്പാദനഘടകങ്ങളിൽ പൂർണമായ വ്യക്തിസ്വാതന്ത്ര്യമോ പരിപൂർണമായ സാമൂഹ്യ-ഉടമയോ ഈ വ്യവസ്ഥിതിയിലില്ല. സ്വകാര്യമേഖല, പൊതുമേഖല എന്നിങ്ങനെ രണ്ടായി സമ്പദ്‌വ്യവസ്ഥയെ വക തിരിക്കാം. സ്വകാര്യമേഖലയിൽ വ്യവസായസ്ഥാപനങ്ങളുടെ ഉടമയും നിയന്ത്രണവും വ്യക്തികഠംക്കാണ്, ലക്ഷ്യം വ്യക്തികളുടെ ലാഭവും. പൊതുമേഖലയിൽ ഉടമയും നിയന്ത്രണവും സ്റേററിനാണ്, ലക്ഷ്യം സമൂഹത്തിൻെറ ക്ഷേമവും. സ്വകാര്യമേഖലയിലെ പ്രവർത്തനങ്ങഠം എല്ലാം സ്റേററിൻെറ നിയന്ത്രണത്തിൽ കീഴിലായിരിക്കും. മിശ്രസമ്പദ്‌വ്യവസ്ഥിതി നിലവിലിരിക്കുന്ന രാജ്യങ്ങളിൽ സ്വകാര്യ-പൊതുമേഖലകഠംക്കു കല്പിച്ചിരിക്കുന്ന പ്രാധാന്യം പല തോതിലാണ്.

സോഷ്യലിസത്തിൽനിന്ന് വ്യത്യസ്തമായ ഒരു ചിന്താഗതിയാണ് മാർക്സിയൻ കമ്യൂണിസം. മൂല്യസിദ്ധാന്തമാണ് മാർക്സിയൻ കമ്യൂണിസത്തിൻെറ അടിസ്ഥാനം. ചരക്കിൻെറ മൂല്യം അത് ഉൽപ്പാദിപ്പിക്കാൻ ഉപയോഗിച്ച അദ്ധ്വാനത്തിന് തുല്യമാണ്. മനുഷ്യശക്തിയെ അദ്ധ്വാനസമയംകൊണ്ട് അളക്കാം. തൻെറ നിലനില്പിന് ഒഴിച്ചുകൂടാനാവാത്ത ചരക്കുകഠം ഉല്പാദിപ്പിക്കുവാൻ വേണ്ട അദ്ധ്വാനത്തിന് ആവശ്യമായ സമയത്തിൽ കൂടുതൽ ജോലി ചെയ്യാൻ തൊഴിലാളി നിർബന്ധിതനാകുമ്പോഠം 'അധികമൂല്യം' ഉണ്ടാകുന്നു. യഥാർത്ഥത്തിൽ തൊഴിലാളിക്ക് ചെല്ലേണ്ട ഈ അധികമൂല്യഭാഗം മുതലാളിമാർ അപഹരിക്കുമ്പോഴാണ് ചൂഷണം ഉണ്ടാകുന്നത്. അധികമൂല്യവും കൂലിയും തമ്മിലുള്ള അനുപാതം ചൂഷണത്തിൻെറ തീവ്രതയെ ചൂണ്ടിക്കാണിക്കുന്നു. ചരക്കുകളുടെ ഉല്പാദനം ക്രമേണ വാങ്ങാൻ പോരാതെ വരുന്നു. അതായത് തൊഴിലാളിയുടെ ക്രയശേഷി കുറയുന്നു. ഇത് സമൂഹത്തെ സാമ്പത്തികത്തകർച്ചയിലേക്ക് നയിക്കുന്നു. ഉല്പാദനം നിർത്തലും തൊഴിലില്ലായ്മയും ഉണ്ടാകുന്നു. തൊഴിലില്ലായ്മയും ചൂഷണവും ജനങ്ങളെ വിപ്ളവത്തിലേക്ക് നയിക്കുന്നു. വിപ്ളവത്തിനുശേഷം സ്വകാര്യഭൂമിയും ആസ്തികളും സർക്കാർ ഏറെറടുക്കും.

ശാസ്ത്രീയ സോഷ്യലിസം നടപ്പിലായാലും, സമൂഹത്തിലെ ജനങ്ങളുടെ മുഴുവൻ ആവശ്യങ്ങളും നിർവഹിക്കുന്നതിനാവശ്യമായ ചരക്കുകളും സേവനങ്ങളും ഉണ്ടായേക്കുകയില്ല. അതുകൊണ്ട് ഓരോ വ്യക്തിയും കഴിവിനനുസരിച്ച് ജോലി ചെയ്യുമ്പോൾ അദ്ധ്വാനത്തിനനുസരിച്ച് പ്രതിഫലം ലഭിക്കും. ക്രമേണ ദൗർലഭ്യത്തിന്റെ കാലം കഴിഞ്ഞ് സമൃദ്ധിയുടെ കാലമാകും. അപ്പോൾ ഓരോ വ്യക്തിയും കഴിവിനനുസരിച്ച് ജോലി ചെയ്യും, ആവശ്യത്തിനനുസരിച്ച് പ്രതിഫലം പററുകയും ചെയ്യും. പ്രതിഫലം ഓരോരുത്തർക്കും ആവശ്യങ്ങൾക്കനുസരിച്ച് എന്ന തത്ത്വം നിലവിൽ വരും. ഇതാണ് സാമൂഹ്യപരിണാമദശയിലെ ഉച്ചാവസ്ഥ. പൂർണ കമ്യൂണിസത്തിൽ ഓരോ വ്യക്തിയും സ്വതന്ത്രനാണ്. ഇന്ന് നാം വിഭാവനം ചെയ്യുന്ന വിധത്തിലുള്ള ഭരണകൂടം (സ്റേററ്) അപ്രത്യക്ഷമാകുന്നു. വിഭവങ്ങളും ചരക്കുകളും ദുർലഭമല്ലാത്തതുകൊണ്ട് ആർക്കും സാമ്പത്തികപ്രശ്നങ്ങൾ വരുന്നില്ല. വിഭവസമാഹരണം അസൂത്രണതത്ത്വത്തെ അടിസ്ഥാനമാക്കിയായിരിക്കും. പരമാധികാരം ആസൂത്രണകേന്ദ്രത്തിനായിരിക്കും. ദൗർലഭ്യമില്ലാത്തതുകൊണ്ട് എന്തുല്പാദിപ്പിക്കണം, എന്തിന്, ആർക്കുവേണ്ടി എന്നിങ്ങനെയുള്ള പ്രശ്നങ്ങൾ ഉണ്ടാകുന്നില്ല. മുതലാളിത്തവ്യവസ്ഥിതിയിലെന്നപോലെ മൂലധനം ഉപദ്രവകാരിയായിത്തീരുന്നില്ല. തൊഴിൽ ചെയ്യുന്നതിൽ കായക്ലേശം ചുരുങ്ങും, പാട്ടവും പലിശയും മററും ഇല്ല. ഇതാണ് മാർക്സ് വിഭാവനം ചെയ്ത കമ്യൂണിസം.

**നൂതന സരണികൾ:** 1936-ൽ കെയ്ൻസ് പ്രസിദ്ധീകരിച്ച 'പണി, പലിശ, പണം എന്നിവയ്ക്ക് ഒരു സാമാന്യസിദ്ധാന്തം' എന്ന പുസ്തകം ധനശാസ്ത്രത്തിലെ ഒരു വഴിത്തിരിവിനെ കുറിക്കുന്നതായി പരക്കെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. പഴയ ധനശാസ്ത്രജ്ഞൻമാർ സൂക്ഷ്മാപഗ്രഥനത്തിനായിരുന്നു മുൻതൂക്കം കൊടുത്തിരുന്നത്. കുടുംബം, വ്യവസായശാല തുടങ്ങി ചരക്കുകളുടെ താരതമ്യവില നിർണയിക്കുന്ന ഘടകങ്ങളെക്കുറിച്ചായിരുന്നു അവരുടെ പ്രധാന പഠനം. സമ്പദ്ഘടനയുടെ മൊത്തം വരുമാനം, ഉപഭോഗം, സമ്പാദ്യം, മുതൽമുടക്ക്, തൊഴിൽ, വിലനിലവാരം തുടങ്ങിയ പരിമാണങ്ങൾ അളന്നു തിട്ടപ്പെടുത്തുക ഇന്ന് അത്യാവശ്യമാണ്. ഇത്തരത്തിലുള്ള സ്ഥൂല-അപഗ്രഥനത്തിന് തുടക്കം കുറിച്ചത് കെയ്ൻസ് ആയിരുന്നു. കെയ്ൻസിന്റെ പുസ്തകത്തിന്റെ പ്രസിദ്ധീകരണം ധനശാസ്ത്രരംഗത്ത് ഒരു പുതിയ അദ്ധ്യായത്തിന്റെ തുടക്കമായിരുന്നു. സാംഖ്യികം, ഗണിതം എന്നി ശാസ്ത്രശാഖകളിലുണ്ടായ പുരോഗതി സ്ഥൂലസാമ്പത്തികാപഗ്രഥനത്തെ വളരെ സഹായിച്ചു.

കഴിഞ്ഞ നൂററാണ്ടിന്റെ അന്ത്യംവരെ ധനശാസ്ത്രചിന്ത ഏറെക്കുറെ ഗുണപ്രദമായിരുന്നു. വസ്തുതകളും കണക്കുകളും അടിസ്ഥാനമാക്കിയുള്ള ഗണപ്രധാനമായ പഠനങ്ങൾക്ക് പ്രാമുഖ്യം ലഭിച്ചത് ഈ നൂററാണ്ടിലാണ്. ധനശാസ്ത്രത്തെ 'കേവലധനശാസ്ത്രം' എന്നും 'പ്രയുക്തധനശാസ്ത്രം' എന്നും രണ്ടാതി തിരിക്കാം. അതിൽ പ്രയുക്തധനശാസ്ത്രത്തിന്റെ വളർച്ച ഉണ്ടായത് അടുത്തകാലത്താണ്. ഗണിതത്തിന്റെയും ധനശാസ്ത്രത്തിന്റെയും സാംഖ്യികത്തിന്റെയും സമ്മേളനത്തിൽനിന്നാണ് പ്രയുക്തധനശാസ്ത്രത്തിലെ 'ഇക്കണോമെട്രിക്സ്' എന്ന ശാസ്ത്രശാഖ ഉരുത്തിരിഞ്ഞത്. 'ഇക്കണോമെട്രിക്സി'ലെ സിദ്ധാന്തങ്ങളും മാതൃകകളും വസ്തുതകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടേണ്ടവയാണ്. സ്ഥൂലസാമ്പത്തിക പ്രശ്നങ്ങളിലും സൂക്ഷ്മസാമ്പത്തിക പ്രശ്നങ്ങളിലും 'ഇക്കണോമെട്രിക്സ്' ഇന്ന് വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്. നാണ്യസിദ്ധാന്തം, അന്താരാഷ്ട്രിയ ധനശാസ്ത്രം, സാമ്പത്തികവികാസം, പൊതുധനകാര്യം എന്നിങ്ങനെ ധനശാസ്ത്രത്തിന്റെ എല്ലാ ആധുനിക സരണികളിലും ഇക്കണോമെട്രിക്സിലെ സങ്കേതങ്ങൾ ഇന്ന് ഉപയോഗപ്പെടുത്തുന്നുണ്ട്.

ഇക്കണോമെട്രിക്സിലെ രണ്ട് മാർഗങ്ങളാണ് നിവേശ-നിർഗമ (ഇൻപുട്ട്-ഔട്ട്പുട്ട്) അപഗ്രഥനവും പ്രവർത്തനഗവേഷണവും (ഓപ്പറേഷൻ റിസർച്ച്). സാമാന്യതത്ത്വങ്ങളെ സംഖ്യകളുടെയും കണക്കുകളുടെയും തലത്തിലേക്ക് ഇറക്കികൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നിവേശ-നിർഗമ-അപഗ്രഥനം. വാസ്ലി ലിയോൻ ടിഫ് എന്ന അമേരിക്കൻ ധനശാസ്ത്രജ്ഞനാണ് ഈ സമ്പ്രദായത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ 'അമേരിക്കൻ സമ്പദ്വ്യവസ്ഥയുടെ ഘടന-1919-29' എന്ന ഗ്രന്ഥം കൃഷി, വ്യവസായം, ഗതാഗതം തുടങ്ങി സാമ്പത്തിക മണ്ഡലത്തിന്റെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ബന്ധങ്ങളിലൂടെ സമ്പദ്വ്യവസ്ഥ എങ്ങിനെ ഒരുമിച്ച് നിൽക്കുന്നു എന്ന് വ്യക്തമാക്കി. ധനശാസ്ത്രത്തിൽ സ്വീകരിക്കപ്പെട്ടിട്ടുള്ള മററൊരു നൂതന മാർഗമാണ് പ്രവർത്തനഗവേഷണം. യുദ്ധവേളയിൽ സൈനികരെ സഹായിക്കാനായി ശാസ്ത്രജ്ഞന്മാർ ആവിഷ്കരിച്ച ഈ രീതി പിൽക്കാലത്ത് വ്യവസായ വളർച്ചയെ സഹായിക്കാനായി വ്യവസായികൾ ഉപയോഗിക്കുവാൻ തുടങ്ങി. ഏതൊരു പ്രവർത്തനവ്യവസ്ഥയായാലും, അത് ചെറിയ ചെറിയ പ്രവർത്തനയൂണിററുകളുടെ സംഘാതമാണ്. ഈ ഓരോ പ്രവർത്തനത്തെയും, അവയ്ക്ക് മററു

പ്രവർത്തനങ്ങളുമായുള്ള ബന്ധത്തെയും, മൊത്തത്തിലുള്ള ഫലത്തെയും വിശകലനം ചെയ്തു പഠിക്കുന്ന സമ്പ്രദായമാണ് പ്രവർത്തനഗവേഷണം. വ്യവസായത്തിൽ ഈ ഗവേഷണത്തിലൂടെ ചെലവ് ഏററവും കുറയ്ക്കുകയും ലാഭം കൂടുതൽ ഉണ്ടാക്കുകയും ചെയ്യാം. 'ലീനിയർ പ്രോഗ്രാമിങ്' എന്ന ഗണിതശാസ്ത്രസങ്കേതമാണ് ഇതിനായി ഉപയോഗിക്കുന്നത്.
സാമ്പത്തികപ്രവർത്തനങ്ങളും പണവും തമ്മിലുള്ള ബന്ധങ്ങൾ ചർച്ചചെയ്യുന്ന ശാസ്ത്രമാണ് 'നാണ്യസിദ്ധാന്തം'. ഇടപാടുകൾ തീർക്കുവാനും മുൻകരുതൽ എന്ന നിലയ്ക്കും ഊഹക്കമ്പോളങ്ങളിലെ മാററങ്ങളിൽനിന്ന് ലാഭമുണ്ടാക്കുവാനും ജനങ്ങൾക്ക് പണം വേണം. ആദ്യത്തെ രണ്ടിനങ്ങളിലും ചോദനം വരുമാനത്തെ ആശ്രയിച്ചാണ്. മൂന്നാമത്തേതിൽ പലിശനിരക്ക് കൂടുമെന്ന്‌വരുമ്പോൾ കടപ്പത്രങ്ങൾ വിററ് കാശാക്കാനുള്ള തിടുക്കമാണ്. പലിശനിരക്ക് കുറയുമ്പോൾ തിരിച്ചും, അങ്ങനെ പണം, സാധനങ്ങൾ കൈമാററംചെയ്യാനുള്ള മാധ്യമം മാത്രമല്ല, ആസ്തികൂടിയാണെന്ന് കെയ്ൻസ് സ്ഥാപിച്ചു. പിന്നീട് ഈ സിദ്ധാന്തത്തെ പല ശാസ്ത്രജ്ഞന്മാരും വിപുലീകരിക്കുകയുണ്ടായി.

വിഭവങ്ങളും സാങ്കേതികവിദ്യകളും വ്യാപാരനയങ്ങളും മാറുന്നതനുസരിച്ച് വ്യാപാരത്തിൽ വരുന്ന വ്യത്യാസങ്ങളെ സംബന്ധിച്ച ധാരാളം പഠനങ്ങൾ ധനശാസ്ത്രരംഗത്ത് ഇപ്പോൾ നടക്കുന്നുണ്ട്. അന്തരാഷ്ട്രീയ വ്യാപാരത്തിൽനിന്നുള്ള നേട്ടവും നഷ്ടവും അളക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നു. അതുപോലെ ശാസ്ത്രീയമായ തീരുവസമ്പ്രദായം നിർവചിക്കുന്നതിനും അപഗ്രഥിക്കുന്നതിനും ഉള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഇങ്ങനെ അന്താരാഷ്ട്രീയ വ്യാപാരവും ദേശീയവികസനവും തമ്മിലുള്ള ബന്ധങ്ങൾ മനസ്സിലാക്കുന്നതിനുള്ള പഠനങ്ങൾ ധാരാളമായി നടക്കുന്നു.

ധനശാസ്ത്രത്തിന്റെ മൊത്തത്തിലുള്ള ഒരു അവലോകനമാണ് ഇത്. ഈ രംഗത്തിന്റെ ആഴവും പരപ്പും കണ്ട് അത്ഭുതപ്പെടാനല്ലാതെ മറെറാന്നിനും ഈ അവലോകനം പ്രയോജനപ്പെടുമെന്ന് തോന്നുന്നില്ല.

## 9.6 പാഠസംഗ്രഹം

വിവിധ സാമ്പത്തിക വ്യവസ്ഥിതികളെക്കുറിച്ചാണ് ഈ പാഠം പരിചിന്തനം നടത്തുന്നത്. മുതലാളിത്തം, സോഷ്യലിസം, മിശ്രസമ്പദ്‌വ്യവസ്ഥ എന്നീ മൂന്നു വ്യവസ്ഥിതികളെ ഇവിടെ വിശകലനവിധേയമാക്കിയിരിക്കുന്നു. കമ്മ്യൂണിസത്തിന്റെ തത്ത്വശാസ്ത്രവും പരിഗണിക്കപ്പെടുന്നുണ്ട്. ആധുനികകാലത്ത് ധനശാസ്ത്രരംഗത്ത് ഉണ്ടായ സുപ്രധാന വീക്ഷണ വ്യതിയാനങ്ങൾ ചർച്ച ചെയ്യാനും ഇവിടെ ഉദ്യമിച്ചിട്ടുണ്ട്. കെയ്ൻസിന്റെ അപഗ്രഥനരീതി, കേവലധനശാസ്ത്രം, പ്രയുക്തധനശാസ്ത്രം, നിവേശ-നിർഗമന അപഗ്രഥന സമ്പ്രദായം തുടങ്ങിയ പ്രവണതകൾ സംക്ഷിപ്തമായി വിലയിരുത്തപ്പെടുന്നു. അങ്ങനെ ധനശാസ്ത്രത്തിന്റെ മൊത്തത്തിലുള്ള അവലോകനം സാധിച്ചിരിക്കുന്നു.

## 9.7 കുറിപ്പുകൾ

**1. രാഷ്ട്രീയഘടന**

മനുഷ്യർ സമൂഹമായി ജീവിക്കുന്നു. പലതരത്തിലുള്ള സാമൂഹ്യഘടനകളുണ്ട്. ചെറിയ ക്ളബ്ബുകൾ മുതൽ മതങ്ങൾ വരെ. ഇവയിൽ എല്ലാം പ്രധാനമാണ് രാഷ്ട്രീയഘടന. ഒരു പ്രത്യേക ഭൂപരിധിക്കുള്ളിൽ അന്യരുടെ ഇടപെടലുകളിൽ നിന്നും സ്വതന്ത്രമായി പരമാധികാരം അനുഭവിക്കുന്ന ജനങ്ങളെയാണ് രാഷ്ട്രം എന്നു പറയുന്നത്. ഈ ജനങ്ങളുടെ പൗരാവകാശങ്ങൾ സംരക്ഷിക്കാനും നീതി നിർവ്വഹണം സുഗമമാക്കാനും അധികാരം ചിലരിൽ നിക്ഷിപ്തമായേ മതിയാകൂ. അത് അവരിൽ എങ്ങനെ നിക്ഷിപ്തമായിരിക്കുന്നു എന്നു നോക്കിയാൽ ഏതുതരം രാഷ്ട്രീയഘടനയാണ് ഉള്ളത് എന്നു നിശ്ചയിക്കാം. ഏകാധിപധ്യം, സർവ്വാധിപത്യം, ജനാധിപത്യം എന്നിങ്ങനെ പലതരം ഘടനകളുണ്ട്- അവയ്ക്കെല്ലാം അനേകം അവാന്തരവിഭാഗങ്ങളും.

**2. സാമ്പത്തിക ഘടന**

ഉൽപ്പാദനവും വിതരണം എന്നിവയാണ് സാമ്പത്തിക ശാസ്ത്രത്തിന്റെ മുഖ്യവിഷയങ്ങൾ. മനുഷ്യർക്ക് ആവശ്യമുള്ള വസ്തുക്കൾ ഉൽപ്പാദിപ്പിക്കണമെങ്കിൽ ഉൽപ്പാദനത്തിന്റെ ആവശ്യമായ ഘടകങ്ങൾ വേണം. ഇവയുടെ ഉടമസ്ഥത ആർക്കായിരിക്കണം? സ്വകാര്യവ്യക്തികൾക്കോ സഹകരണസംഘങ്ങൾക്കോ,

സ്വകാര്യവ്യക്തികൾ കൂടിച്ചേർന്ന് ഉണ്ടാക്കുന്ന നിയമാനുസൃതമായ സംഘടനകൾക്കോ അതോ രാഷ്ട്രത്തിനോ? ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ ഉപഭോക്താവിനു എത്തിച്ചുകൊടുക്കുന്ന ഏജൻസികൾ ഏതു തരത്തിലുള്ളതാണ്? ഇവയ്ക്കനുസരിച്ച് സാമ്പത്തിക ഘടന വ്യത്യസ്തമായിരിക്കും.

**3. ചോദനം**

ധനശാസ്ത്രത്തിൽ 'demand' എന്നു പറയുന്നതാണ് ചോദനം. ആളുകൾക്ക് വാങ്ങി ഉപയോഗിക്കാനാണ് ചരക്ക് ഉൽപ്പാദിപ്പിക്കുന്നത്. ചരക്ക് എന്നത് വിലക്കു വാങ്ങാൻ ആളുകൾ സന്നദ്ധരാകും എന്നതാണ് ചോദനത്തിന്റെ പ്രശ്നം. ചോദനവും വിലയും എപ്പോഴും ബന്ധപ്പെട്ടാണിരിക്കുന്നത്.

**4. കമ്പോളവില**

ഉൽപ്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ വിററഴിക്കാനുള്ള സംവിധാനമാണ് കമ്പോളം. അത് ഒരു പ്രത്യേക സ്ഥലമോ കെട്ടിടമോ ആണെന്നു ധരിക്കരുത്. ഓരോ വസ്തുവും ഓരോ വിലയ്ക്കാണ് വിൽകുകയും വാങ്ങുകയും ചെയ്യുന്നത്. നിലവിലുള്ള വിൽപന സംവിധാനത്തിൽ ഒരു വസ്തു ഏതു വിലയ്ക്കു വാങ്ങാൻ കിട്ടുമോ അതാണ് ആ വസ്തുവിന്റെ കമ്പോളവില. ചരക്കിന്റെ ലഭ്യത, ആവശ്യക്കാരുടെ എണ്ണം അതായത് ചോദനത്തിന്റെ വ്യത്യാസം- എന്നിവയനുസരിച്ച് കമ്പോളവില മാറിക്കൊണ്ടിരിക്കും.

**5. ചോദനസിദ്ധാന്തം**

പാഠത്തിന്റെ വിശദീകരണത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**6. ദേശീയവരുമാനം**

നാഷണൽ ഇൻകം എന്നതിന്റെ വിവർത്തനം ഒരു രാജ്യത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന ചരക്കുകളുടേയും ലഭ്യമായ സേവനങ്ങളുടേയും മൊത്തവിലയാണ് ദേശീയ വരുമാനം.

**7. ഉൽപാദനത്തിന്റെ ഘടകങ്ങൾ**

ഭൂമി, മൂലധനം, തൊഴിൽ, സംഘാടനം എന്നിവയാണ് ഉൽപാദനത്തിന്റെ ഘടകങ്ങൾ. ഉൽപാദനകേന്ദ്രം സ്ഥാപിക്കാൻ വേണ്ട സ്ഥലം, അസംസ്കൃതവിഭവങ്ങൾ പ്രകൃതിവിഭവങ്ങൾ എന്നിവ ഭൂമിയിൽ (ലാൻഡ്) ഉൾപ്പെടുന്നു. ഈ വക കാര്യങ്ങൾ സംഭരിക്കുന്നതിനും മററും മുടക്കുന്ന ധനമാണ് മൂലധനം അഥവാ മുടക്കുമുതൽ (ക്യാപിററൽ) അസംസ്കൃതവിഭവങ്ങൾ സംസ്കരിച്ച് ഉപഭോഗവസ്തു ഉണ്ടാക്കണമെങ്കിൽ തൊഴിലാളികൾ ജോലി ചെയ്യണം. അതാണ് തൊഴിൽ . മേൽപ്പറഞ്ഞ മൂന്നു ഘടകങ്ങളുടെയും ഏകോപിപ്പിച്ച് നിയന്ത്രിച്ചു ഉൽപ്പാദനം നടത്തുന്നതാണ് സംഘാടനം (ഓർഗനൈസേഷൻ). ഇവയ്ക്കെല്ലാം പ്രതിഫലവും കിട്ടണം. ഭൂമിക്കു വാടക (റെൻറ്) മൂലധനത്തിനു പലിശ (ഇൻററസ്ററ്)· തൊഴിലിന് കൂലി (വേജ്) സംഘാടനത്തിനു ലാഭം (പ്രോഫിററ്).

**8. കമ്പോളം**

കമ്പോളവില നോക്കുക.

**9. വിനിമയ മൂല്യം (എക്സ്ചേഞ്ച് വാല്യു)**

ഉൽപ്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾക്ക് വിലയുണ്ട്. ഒരു വസ്തു ഉൽപാദകനിൽ നിന്ന് ഉപഭോക്താവിനു കിട്ടണമെങ്കിൽ എന്തു വില കൊടുക്കണമോ അതാണ് ആ വസ്തുവിന്റെ വിനിമയമൂല്യം.

**ചില വാക്കുകൾ**

**മേഖല:** ഒരു പ്രത്യേക ഭൂവിഭാഗം എന്നതാണ് വാക്കിന്റെ അർത്ഥം. എന്നാൽ ഏതെങ്കിലും വിഷയത്തിന്റെ വ്യാപിച്ചു നിൽക്കുന്ന മണ്ഡലം എന്ന അർത്ഥത്തിൽ പ്രയോഗിക്കാം. രാജ്യത്തിന്റെ മേഖല എന്നാൽ രാജ്യതന്ത്രം എന്ന വിജ്ഞാനശാഖ ഉൾക്കൊള്ളുന്ന കാര്യങ്ങൾ പ്രസക്തമാകുന്ന മണ്ഡലം എന്ന് അർത്ഥം.

**സംതർപ്പണം**

അർപ്പിക്കുക, നന്നായി തൃപ്തിപ്പെടുക.

**സംഭാവ്യത:** സംഭവിക്കാൻ ഇടയുള്ളത്.
**അനുശാസനം:** ചട്ടം, നിയമം.

## പുരോഗതി സ്വയം പരിശോധിക്കുക-1

1. വ്യവസായ വിപ്ളവത്തിന്റെ സന്തതി ഏതാണ്?
2. മുതലാളിത്ത വ്യവസ്ഥിതിയിൽ ഉൽപാദനോപകരണങ്ങളുടെ ഉടമ ആരാണ്?

3. ശാസ്ത്രീയസോഷ്യലിസത്തിന് അടിത്തറ പാകിയതാരാണ്?

4. സോഷ്യലിസ്ററ് വ്യവസ്ഥിതിയിൽ ഭൂമി മൂലധനം തുടങ്ങിയവയുടെ ഉടമാവകാശം ആരിൽ സ്ഥിതി ചെയ്യുന്നു?

5. എന്താണ് സോഷ്യലിസത്തിന്റെ ദോഷവശമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്?

## പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

1) 1. 'ഓക്കിനോമിക്ക' എന്ന ഗ്രീക്ക് പദത്തിൽ നിന്നുണ്ടായ ഇക്ക്ണോമിക്സ് എന്ന ഇംഗ്ളീഷ് പദം കുടുംബവരുമാനം അടുക്കും ചിട്ടയോടും കൂടി ഉപയോഗിക്കുന്ന നടപടികൾ കൈകാര്യം ചെയ്യുന്ന ശാസ്ത്രമെന്ന നിലയിലാണ് ആവിർഭവിച്ചത്. എന്നാലും അത് കാലാന്തരത്തിൽ സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പൊതുവരവുചെലവു കണക്കുകൾ കൈകാര്യം ചെയ്യുന്ന ശാസ്ത്രം എന്ന അർത്ഥത്തിൽ ഉപയോഗിച്ചുപോന്നു.

2. ഫ്രഞ്ചുചിന്തകനായ ടെയിൻ, ആഡംസ്മിത്ത്

3. "പ്രിൻസിപ്പിൾസ് ഓഫ് ഇക്കണോമിക്സ്" എന്ന ഗ്രന്ഥത്തിന്റെ കർത്താവ് മാർഷൽ.

4. ആഡംസ്മിത്ത്

5. മനുഷ്യപ്രയത്നം കൊണ്ട് ഉൽപ്പാദിപ്പിക്കുന്നവയും മനുഷ്യാവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ കഴിവുള്ളതുമായ ഭൗതികപദാർത്ഥങ്ങളെയാണ് ധനം എന്ന് വിളിക്കുന്നത്. പ്രകൃതിയും മനുഷ്യനും ഒന്നുചേരുമ്പോഴാണ് ധനം ഉണ്ടാകുന്നത്. ഭൂമി, തൊഴിൽ, മൂലധനം, സംഘാടനം എന്നിവയാണ് അതിന്റെ നാലു ഘടകങ്ങൾ.

2) 1. മനുഷ്യന്റെ സ്വഭാവവും പെരുമാററവുമാണ് ധനശാസ്ത്രത്തിന്റെ കേന്ദ്രബിന്ദു . വികാരസ്പർശമില്ലാതെയും മന:സാക്ഷിയില്ലാതെയും അനീതിപരമായും, അധർമ്മപരമായും പ്രവർത്തിക്കുവാൻ ധനശാസ്ത്രവിജ്ഞാനത്തിന് കഴിയില്ല, എന്നതുകൊണ്ട്.

2. സ്വാധീനിക്കുക.
പെരുമാറുക
ഉല്ലസിക്കുക
പരിശോധിക്കുക

3. അനുശാസനം
തിരഞ്ഞെടുപ്പ്
വീക്ഷണം
നോട്ടം.

4. സദാചാരപരം
അനീതിപരം

5. ജനക്ഷേമം
ഭൗതികപുരോഗതി
ചരിത്രവസ്തുക്കൾ

3) 1. മുതലാളിത്തം
2. വ്യക്തി
3. കാൾമാർക്സ്
4. പൊതുജനങ്ങളിൽ അഥവാ സമൂഹത്തിൽ
5. വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെടുകയും വ്യക്തികൾ സ്വന്തം കഴിവുകൾ പൂർണ്ണമായും പ്രകടിപ്പിക്കുവാൻ മടി കാണിക്കുകയും ചെയ്യുമെന്നതാണ്.